പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2701 19/12/2012-ൽ മറുപടിക്ക്.

ചാത്തന്നൂരിൽ സംസ്ഥാന കൺസ്ട്രക്ഷൻ അക്കാഡമി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ചാത്തന്നൂരിൽ ആരംഭിക്കുന്ന സംസ്ഥാന കൺസ്ട്രക്ഷൻ അക്കാഡമിക്കുവേണ്ടി 10 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി 01/03/2011-ൽ തറക്കല്ലിടുകയും, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ 2011-12 സാമ്പത്തിക വർഷത്തെ ബജറ്റിൽ 15 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടും പ്രസ്തുത നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പോലും ആരംഭിക്കാത്തതിൽ പ്രദേശത്തെ ജനങ്ങളും, എല്ലാ രാഷ്ട്രീയ പാർട്ടികളും, സന്നദ്ധ സംഘടനകളും പ്രക്ഷോഭത്തിലും പ്രതിഷേധ ത്തിലുമാണെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിലേക്കുള്ള തടസ്സങ്ങൾ എന്തൊക്കെയാ ണെന്നും ഒന്നര വർഷം പിന്നിട്ടിട്ടും തടസ്സങ്ങൾ പരിഹരിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ;<br><br>(ഡി) പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന്റെ പ്ലാനും, വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; ഇതിലേക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;<br><br>(ഇ) പ്രസ്തുത അക്കാഡമി ചാത്തന്നൂരിൽ സ്ഥാപിക്കുന്നതിൽ നിന്നും പിന്നോക്കം പോകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(എഫ്) ഇല്ലായെങ്കിൽ എത്രയും പെട്ടെന്ന് സ്ഥാപനം പ്രാവർത്തികമാക്കുവാൻ നടപടി കൈക്കൊള്ളുമോ ? | (സി) (ഡി) (ഇ) & (എഫ്)<br><br>വിഭാവനം ചെയ്ത രീതിയിലുള്ള കൺസ്ട്രക്ഷൻ അക്കാഡമി ഇപ്പോൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ